പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2565 14.12.2015 ൽ മറുപടി പറയേണ്ടത്

**മരുന്നുകളുടെ ലഭ്യത**

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ.സി.എഫ് . തോമസ് :<br>ശ്രീ.തോമസ് ഉണ്ണിയാടൻ :<br>ശ്രീ.റ്റി.യു.കുരുവിള : | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) മെഡിക്കൽ കോളേജ് ആശുപത്രി ഫാർമസികളിലും കാരുണ്യമെഡിക്കൽ സ്റ്റോറുകളിലും എല്ലാ മരുന്നുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; | (എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകിയ ഇന്റന്റ് അനുസരിച്ച് 69 ഇനം കാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾക്ക് ഇന്റന്റ് അനുസരിച്ച് വിതരണം നടത്തി വരുന്നു. കൂടാതെ പ്രസ്തുത മരുന്നുകളുടെ കരുതൽ ശേഖരം കോർപ്പറേഷന്റെ വെയർഹൗസുകളിൽ സൂക്ഷിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലും അവശ്യമരുന്നുകൾ പൊതുവിപണിയെക്കാളും വിലക്കുറവിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാണ്. മരുന്നുകൾ തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) രോഗികളുടെ ബാഹുല്യം, മതിയായ ഫാർമസിസ്റ്റുകളുടെ അഭാവം എന്നിവ കാരണം കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മണിക്കൂറുകളോളം മരുന്നിനായി ക്യൂ നിൽക്കേണ്ടി വരുന്നത് പരിഹരിക്കുന്നതിനായി കൂടുതൽ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ബി) മറ്റിതര ഫാർമസിയേക്കാളും കൂടുതൽ ജീവനക്കാർ (ഒന്നോ രണ്ടോ മടങ്ങ്) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ജോലി ചെയ്തു വരുന്നു. എന്നാൽ രോഗികളുടെ തിരക്കു കാരണം ചില സന്ദർഭങ്ങളിൽ മരുന്ന് ലഭിക്കാൻ കുറച്ച് താമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ജീവനക്കാരെ ടി ഫാർമസികളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (സി) അടിയന്തിര ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകളും സർജിക്കൽ സാധനങ്ങളും ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള കാരുണ്യ ഫാർമസിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | (സി) ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്നുകളും സർജിക്കൽ സാധനങ്ങളും മുടക്കം കൂടാതെ വിതരണം ചെയ്തുവരുന്നു. അവശ്യഘട്ടങ്ങളിൽ ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്ന് മറ്റേതെങ്കിലും ഫാർമസിയിൽ നിന്നോ കാരുണ്യ ഡിപ്പോകളിൽ നിന്നോ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ ഏകോപിപ്പിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ